No. AB2/1525/2018

എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം
വൻകിട ജലസേചന വിഭാഗം,
പബ്ലിക് ആഫീസ്,തിരുവനന്തപുരം-695033
തീയതി: 08/10/2018

# ലേലപരസ്യം

തിരുവനന്തപുരം ഇറിഗേഷൻ ഡിവിഷനിൽ ഓഫീസിൽ നിന്നും പരസ്യം ചെയ്യുന്നതെന്തെന്നാൽ

പി.എം. ജിയിൽ ഡാം സേഫ്റ്റി ഹെഡ് ക്വാർട്ടേഴ്സ് നിർമ്മിക്കാനനുമതി ലഭിച്ച സ്ഥലത്ത് (ബ്ലോക്ക് നമ്പർ 71 സർവ്വെ നമ്പർ 198/ പഴയ സർവ്വേ നമ്പർ 2165 പട്ടം - വില്ലേജ്) നിൽക്കുന്ന നാഷണൽ ഹൈവേ സർക്കിൾ ഓഫീസ്, ഇലക്ട്രിക്കൽ ഡിവിഷൻ എന്നീ ഓഫീസുകളുടെ കെട്ടിടങ്ങൾ പൊളിച്ച് അടുക്കി വച്ചിരിക്കുന്ന മരാമത്ത് സാധനങ്ങൾ പരസ്യമായി ടി സ്ഥലത്ത് വച്ച് 12.10.2018-ൽ രാവിലെ 11 മണിക്ക് ലേലം ചെയ്യുവാൻ തീരുമാനിച്ചിരിക്കുന്നു. പ്രസ്തുത ലേലത്തിൽ പങ്കു കൊളളുവാൻ ആഗ്രഹിക്കുന്നവർ ലേല സമയ ത്തിനു മുമ്പായി ലേല സ്ഥലത്ത് ഹാജരായി 30,000/-(മുപ്പതിനായിരം രൂപ) നിരത ദ്രവ്യം കെട്ടി വച്ച് ലേലത്തിൽ പങ്കു കൊളേളണ്ടതും കൂടുതൽ തുകയ്ക്ക് വിളിക്കുന്ന ആളിന്റെ പേരിൽ ലേലം താല്കാലികമായി സ്ഥിരപ്പെടു ത്തുന്നതും ബാക്കിയുളളവരുടെ നിരത ദ്രവ്യം ഉടൻ തന്നെ മടക്കി നൽകുന്ന തുമായിരിക്കും.

ലേലം പിടിച്ച ലേലക്കാരൻ മുഴുവൻ ലേലതുകയും അതിന്റെ 18 % ജി. എസ്.ടി യും ഉടൻ തന്നെ കെട്ടി വയ്ക്കേണ്ടതും ലേല സാധനങ്ങൾ 05 (അഞ്ച്) ദിവസത്തിനുള്ളിൽ എടുത്തു കൊളേളണ്ടതും അതിനു വീഴ്ച വന്നാൽ തക്കതായ കാലതാമസകൂലി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതുമായിരിക്കും. ഏതെങ്കിലും കാരണ വശാൽ വീണ്ടും ലേലം ചെയ്യേണ്ടി വന്നാൽ അതിൽ വച്ചുണ്ടാകുന്ന എല്ലാ നഷ്ടങ്ങൾക്കും മുൻ ലേല ക്കാരൻ ഉത്തരവാദി ആയിരിക്കുന്നതും മറിച്ച് ലാഭമുണ്ടെങ്കൽ യാതൊരു അവ കാശവും ഇല്ലാത്തതും ആകുന്നു.

ലേലം സംബന്ധിച്ച് നിലവിലുള്ള എല്ലാ നിയമങ്ങളും ഇതിൽ ബാധകമാ യിരിക്കും. ലേലവും ലേലവസ്തുക്കളും സംബന്ധിച്ചുള്ള കൂടുതൽ വിവര ങ്ങൾ തിരുവനന്തപുരം ഇറിഗേഷൻ ഡിവിഷൻ ഓഫീസിൽ നിന്നും ഓഫീസ് സമയങ്ങളിൽ അറിയാവുന്നതാണ്. ലേല സമയത്തിനു മുൻപ് ലേല സാധന ങ്ങൾ നേരിൽ കണ്ട് ബോധ്യപ്പെടേണ്ടതാണ്.

ഒപ്പ്
എക്സിക്യൂട്ടീവ് എഞ്ചിനീയർ

ഉത്തരവിൻപ്രകാരം

പേഴ്സണൽ അസിസ്റ്റന്റ്